ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

**No.Acd./Spl.Cell (2)/36617/HSE/13** **തീയതി : 25/07/2013**

# <u>സർക്കുലർ</u>

വിഷയം : ഹ.സെ.വി.വ - സ്കൂൾ സ്കോളർഷിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നത് - ഹയർ സെക്കന്ററി പ്രൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : സീമാറ്റ് - കേരള ഡയറക്ടറുടെ 20/07/2013 ലെ കത്ത്.

കേരളത്തിൽ പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും സഹായങ്ങളും ആയി 119 എണ്ണം നിലവിലുണ്ട്. ഇതിന്റെ ഗുണഫലം ഏകദേശം ഏഴ് ലക്ഷം കുട്ടികൾക്ക് ലഭിക്കേണ്ടതാണ്. ബന്ധപ്പെട്ടവർക്ക് ശരിയായ അവബോധം ഇല്ലാത്തതുകൊണ്ടും ആവശ്യമായ വിവരങ്ങൾ ലഭിക്കാത്തതുകൊണ്ടും ഇവ കുട്ടികൾക്ക് ലഭിക്കാതെ പോകുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് വിവിധ സ്കോളർഷിപ്പുകൾ രക്ഷകർത്താക്കളെ പരിചയപ്പെടുത്തുന്നതിനും അത് കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും ക്ലാസ്സ് പി.ടി.എ തലത്തിൽ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണെന്ന് സൂചന കത്ത് മുഖാന്തിരം സീമാറ്റ് - കേരള ഡയറക്ടർ അറിയിച്ചിരിക്കുന്നു.

അതുപോലെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലയെയും സ്വാധീനിച്ചിട്ടുണ്ട്. ഇതിന്റെ വ്യാപനത്തിൽ ഗുണകരമായ ഒട്ടേറെ ഘടകങ്ങൾ ഉണ്ടെങ്കിലും ദുരുപയോഗം ഒട്ടേറെ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കുറ്റകൃത്യരംഗത്ത് **“സൈബർ ക്രൈം”** എന്ന ഒരു ശാഖയും ഇതിനുവേണ്ടി ഒട്ടേറെ നിയമങ്ങളും ഉത്തരവുകളും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള അവബോധവും ധാരണയും അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും അടിയന്തിരമായി ഉണ്ടാകണം.

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, എസ്.എസ്.എ ഡയറ്റുകൾ, സ്കൂൾ പി.ടി.എ, എസ്.എം.സി എന്നിവയുടെ സഹകരണത്തോടെ സ്കൂൾ സ്കോളർഷിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് രക്ഷകർത്താക്കൾക്ക് വേണ്ടിയുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

- 2013 ജൂലൈ 31 ന് 2 pm മുതൽ 3 pm വരെ സ്കൂൾ സ്കോളർഷിപ്പുകൾ എന്ന വിഷയത്തെക്കുറിച്ചും 3 pm മുതൽ 3.30 pm വരെ സൈബർ കുറ്റകൃത്യങ്ങൾ എന്ന വിഷയത്തെക്കുറിച്ചുമാണ് ക്ലാസ്സ് നടത്തേണ്ടത്.
- യോഗത്തിന്റെ കാര്യപരിപാടികൾ പ്രത്യേകം പ്രതിപാദിച്ചുകൊണ്ടുള്ള കത്ത് രക്ഷകർത്താക്കൾക്ക് മുൻകൂട്ടി നൽകണം. എല്ലാവരുടെയും സാന്നിധ്യം ഉറപ്പു വരുത്താനുള്ള നടപടികൾ മുൻകൂട്ടി സ്വീകരിക്കണം.
- പരിശീലനത്തിനുവേണ്ടി സീമാറ്റ് - കേരള തയ്യാറാക്കിയ അദ്ധ്യാപകർക്കുള്ള മാർഗ്ഗരേഖ, സ്കൂൾ സ്കോളർഷിപ്പുകളുടെ പട്ടിക, സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കുറിപ്പ് തുടങ്ങിയ രേഖകൾ പൊതുവിദ്യാഭ്യാ വകുപ്പിന്റെ താഴെപ്പറയുന്ന വെബ് സൈറ്റുകളിൽ ലഭ്യമാണ്.
    1. www.dhsekerala.gov.in
    2. www.siemat.kerala.gov.in
- സ്കോളർഷിപ്പുകളുടെ പട്ടിക, സൈബർ ക്രൈം - രക്ഷകർതൃ ബോധവൽക്കരണം എന്നീരേഖകൾ ഡൗൺലോഡ് ചെയ്ത് പി.ടി.എ/എസ്.എം.സി ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ഫോട്ടോകോപ്പി എടുത്ത് രക്ഷകർത്താക്കൾക്ക് നൽകേണ്ടതാണ്.
- ബോധവൽക്കരണ പരിപാടിയുടെ മുന്നോടിയായി പ്രിൻസിപ്പൽമാരുടെ അദ്ധ്യക്ഷതയിൽ എസ്.ആർ.ജി യോഗങ്ങൾ കൂടി മൊഡ്യൂൾ ചർച്ച ചെയ്ത് ആവശ്യമായ വ്യക്തത വരുത്തേണ്ടതാണ്.
- ക്ലാസ്സ് പി.ടി.എ കളിൽ ക്ലാസ്സ് ടീച്ചറാണ് ബോധവൽക്കരണ ക്ലാസ്സ് നയിക്കേണ്ടത്.
- സ്കൂൾ തലത്തിൽ എസ്.എം.സി/പി.ടി.എ കമ്മിറ്റി കൂടി ബോധവൽക്കരണത്തിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.
- ഹയർ സെക്കന്ററി ആർ.ഡി.ഡി മാർ, പ്രിൻസിപ്പൽമാരുടെ യോഗങ്ങൾ വിളിച്ചു ചേർത്ത് ബോധവൽക്കരണ പരിപാടിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
- ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, ഡയറ്റ് പ്രിൻസിപ്പൽ, ഡി.പി.ഒ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, ഡി.ഇ.ഒ, എ.ഇ.ഒ, ഹെഡ്മാസ്റ്റർ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ് ടീം വിവിധ തലങ്ങളിൽ മോണിറ്ററിംഗ് നടത്തി ബോധവൽക്കരണ പരിപാടി ഫലപ്രദമാക്കേണ്ടതാണ്. ബോധവൽക്കരണ പരിപാടികളുടെ

ജില്ലാതല ഏകോപനം ഡി.ഡി.ഇ, ഡയറ്റ് പ്രിൻസിപ്പൽ എന്നിവർ ബന്ധപ്പെട്ട ആർ.ഡി.ഡി യുമായി കൂടിയാലോചിച്ച് നിർവ്വഹിക്കേണ്ടതാണ്.

- ഓരോ സ്കൂളിനും നടന്ന ബോധവൽക്കരണ പരിപാടി സംബന്ധിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് പ്രിൻസിപ്പൽ നൽകേണ്ടതാണ്.
- ബോധവൽക്കരണ പരിപാടി അതത് പ്രൻസിപ്പലിന്റെ പൂർണ്ണ ഉത്തരവാദിത്ത ത്തിലും ചുമതലയിലുമാണ് നടത്തേണ്ടത്.
- ബോധവൽക്കരണ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നതിന്റെയും വിവിധ സ്കോളർഷിപ്പുകൾ സമയമബന്ധിതമായി കുട്ടികൾക്ക് വിതരണം നട ത്തുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്തം അതാത് സ്കൂൾ മേധാവികളിൽ നിക്ഷിപ്തമായിരിക്കും.

**ഒപ്പ്/-**
**ഡയറക്ടർ**

പകർപ്പ് :

1. ആർ.ഡി.ഡി മാർ
2. ഡയറ്റ് പ്രിൻസിപ്പൽമാർ
3. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ